# GAPHSS ELAPPULLY

# ACADEMIC MASTER PLAN
# 2025-26



# ആമുഖം

പാലക്കാട് ജില്ലാകേന്ദ്രത്തിൽ നിന്നും 12 കിലോമീറ്റർ അകലെ തികച്ചും ഗ്രാമാന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവൺമെന്റ് എ പി എച്ച് എസ് എസ് എലപ്പുള്ളി. 8 മുതൽ 10 വരെ ക്ലാസുകളിലായി 1100 ഓളം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയം പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുന്നു. 2024 - 25 അക്കാദമിക വർഷം എസ്എസ്എൽസി പരീക്ഷയിൽ 404 വിദ്യാർത്ഥികളിൽ 403 പേരും വിജയിച്ചുകൊണ്ട് 99.75% വിജയം നേടാനായി. 30 പേർക്ക് സമ്പൂർണ്ണ A+ ഉം 6 പേർക്ക് 9 A+ ഉം ലഭിച്ചു. പല വിഷയങ്ങളിലും D+ ഗ്രേഡ് ഗണ്യമായി കുറഞ്ഞു എന്നതും ശ്രദ്ധേയമാണ്. 3 പേർക്ക് എൻ എം എം എസ് , 5 വിദ്യാർത്ഥികൾക്ക് സംസ്കൃതം സ്കോളർഷിപ്പ് എന്നിവ ലഭിച്ചു. കായിക മേഖലയിൽ വർഷങ്ങളായി ശക്തമായ മുന്നേറ്റം തുടരുന്ന ഈ വിദ്യാലയത്തിന് മുപ്പതോളം ദേശീയ താരങ്ങളെയും നിരവധി സംസ്ഥാന താരങ്ങളെയും വാർത്തെടുക്കാനായി. പ്രവൃത്തി പരിചയമേളയിൽ രണ്ടു വിദ്യാർത്ഥികൾ സംസ്ഥാനതലത്തിൽ A ഗ്രേഡ് നേടി. കലാമേളയിലും സംസ്കൃതം അറബിക് കലോത്സവങ്ങളിലും സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും മുന്നേറാനായി. എൻസിസി, എസ്പിസി, ജെ ആർ സി, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളും അവരവരുടെ മേഖലകളിൽ ഊർജസ്വലരായി പ്രവർത്തിക്കുന്നു.

രക്ഷകർത്താക്കളുമായുള്ള നിരന്തര സമ്പർക്കം CPTA എന്നിവ കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ സഹായിക്കുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കായി പ്രത്യേകം പരിശീലന ക്ലാസുകൾ നടത്തുക വഴി അവരെയും ഏറെക്കുറെ മുന്നിലെത്തിക്കാൻ സാധിച്ചു. സ്കൂൾ പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് എത്തിക്കാൻ തുടർച്ചയായി രണ്ടാം വർഷവും പത്രം പുറത്തിറക്കി. യൂട്യൂബ്, സ്കൂൾ വിക്കി എന്നിവയിലൂടെയും പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുന്നു.

കുട്ടികളുടെ കുടുംബപരവും സാമൂഹികവുമായ പശ്ചാത്തലം ഒരു വെല്ലുവിളിയാണെങ്കിലും അധ്യാപകർ എല്ലാവരും തന്നെ അവരെ ചേർത്തുപിടിച്ച് പഠനത്തിൽ മുന്നോട്ട് എത്തിക്കാൻ ശ്രമിക്കുന്നു. മോഡൽ ഇൻക്ലൂസീവ് റൂം സജ്ജീകരിച്ചുകൊണ്ട് ഭിന്നശേഷിവിദ്യാർഥികളെയും ഉൾച്ചേർക്കുന്നു.

2025 26 അക്കാദമിക വർഷം തുടക്കം മുതൽ കൃത്യമായ ആസൂത്രണത്തിലൂടെ മുന്നോട്ടു പോകുന്നതിനായി സബ്ജക്ട് കൗൺസിലുകൾ ചേർന്ന് മാസ്റ്റർ പ്ലാൻ, അക്കാദമിക കലണ്ടർ എന്നിവ തയ്യാറാക്കി പ്രവർത്തിക്കുന്നു. ഈ വർഷം എസ്എസ്എൽസി പരീക്ഷയിൽ ആദ്യ ശ്രമത്തിൽ തന്നെ മുഴുവൻ കുട്ടികളും വിജയിക്കുന്നതിനും A+ എണ്ണം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. എല്ലാ വിദ്യാർത്ഥികളുടെയും സമഗ്രമായ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## അക്കാദമികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

◆ വായന പ്രോത്സാഹനം - പൂർവ വിദ്യാർത്ഥികളുടെ സഹകരണത്തോടെ കുട്ടികൾക്കായി പത്രം വരുത്തുന്നു, ലൈബ്രറി ഉപയോഗം

◆ വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ

കായിക മേഖലയിൽ സംസ്ഥാന ദേശീയ താരങ്ങളെ വാർത്തെടുക്കുക

◆ നിത്യേനയുള്ള പരിശീലന ക്യാമ്പുകൾ

◆ ശാസ്ത്രം പ്രവൃത്തിപഥത്തിൽ എത്തിക്കൽ

◆ ഓരോ ക്ലാസിലും ശാസ്ത്ര ലൈബ്രറി

◆ 'മൃതസഞ്ജീവനി' ഔഷധത്തോട്ട പരിപാലനത്തിലൂടെ ഔഷധസസ്യങ്ങളെയും അവയുടെ ഗുണങ്ങളും തിരിച്ചറിയൽ

◆ പരിസ്ഥിതി സൗഹൃദ ശുചിത്വ സുന്ദര വിദ്യാലയം

◆ പിന്നാക്കർക്ക് പ്രത്യേക ക്ലാസുകൾ, പഠന ഗ്രൂപ്പിംഗ്

◆ എല്ലാ കുട്ടികൾക്കും സംഖ്യാബോധം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കൽ

◆ വായനാക്കുറിപ്പുകൾ, ചുമർപത്രിക, കൈയെഴുത്ത് മാസിക, സ്കൂൾ മാഗസിൻ തയ്യാറാക്കൽ

◆ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ്

- ഹിന്ദി തിയേറ്റർ സജ്ജീകരിക്കുക
- റേഡിയോ ഇംഗ്ലീഷ് പ്രക്ഷേപണം, രംഗാവതരണം, ഹ്രസ്വചിത്ര നിർമ്മാണം
- പ്രസംഗ മത്സരങ്ങൾ
- സർഗ്ഗ വേളകൾ
- പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസുകൾ, തീവ്ര പരിശീലന ക്ലാസുകൾ
- എൻ എം എം എസ് ,സംസ്കൃതം സ്കോളർഷിപ്പ് പരിശീലന ക്ലാസുകൾ
- കലാ - കായിക - ശാസ്ത്ര - പ്രവൃത്തിപരിചയമേളകളിൽ പങ്കെടുക്കുന്നതിനായുള്ള പരിശീലനം
- പഠനത്തോടൊപ്പം പച്ചക്കറിത്തോട്ട പരിപാലനം
- ഭിന്നശേഷി വിദ്യാർഥികൾക്കായി പ്രത്യേകം സജ്ജീകൃതമായ ക്ലാസ് മുറി
- തൊഴിൽ പരിശീലനം
- വസ്ത്രങ്ങൾ അലങ്കരിക്കൽ
- സേവനമനോഭാവം

# മലയാളം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>ടെക്സ്റ്റ് ബുക്ക് വായന<br>കേട്ടെഴുത്ത് ,സംഘവായന<br>പാഠവായന മത്സരം | 2 മാസം | മലയാളം അധ്യാപകർ | | |
| 2. | വായന പ്രോത്സാഹിപ്പിക്കുക | വായനോത്സവം സംഘടിപ്പിക്കൽ<br>പുസ്തക കുറിപ്പുകൾ, ക്ലാസ് പതിപ്പുകൾ ,<br>ദിനാചരണം, വിദ്യാരംഗം<br>കലാസാഹിത്യവേദി പ്രവർത്തനം | അക്കാദമിക വർഷം മുഴുവൻ | മലയാളം അധ്യാപകർ | | |
| 3. | എഴുത്ത് പ്രോത്സാഹിപ്പിക്കുക | പുസ്തക ചർച്ചകൾ, വായനാക്കുറിപ്പ്<br>ചുമർപത്രിക, എഴുത്തുകളരി<br>പ്രസംഗമത്സരങ്ങൾ | 6 മാസം | മലയാളം അധ്യാപകർ | | |
| 4. | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ<br>പ്രസംഗിക്കാനുള്ള വേദികൾ | 6 മാസം | മലയാളം അധ്യാപകർ | | |

# ENGLISH

| Sl. No | Goals | Activity | Time | Responsibility | Budget | Remarks |
|---|---|---|---|---|---|---|
| 1. | To improvise English language | Find out students who need help to learn,<br>English fest, club activities<br>day celebrations, intensive coaching classes | 2 months | English teachers | | |
| 2. | To learn phonetic pronunciation | Broadcast of RADIO ENGLISH | July – December | English teachers | | |
| 3. | To improve English language | Formation of SAG, completion of lessons according to unit plan, remedial teaching, revision, coaching for final exams | 1 year | English teachers | | |
| 4. | To improve aesthetic talents | Exhibition of Class Magazine, presentation of English school Magazine | 1 month | English teachers, students | | |

# ഹിന്ദി

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥാവായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | | |
| 2. | മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | | |
| 3. | വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുന്നു<br>ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | | |

# സംസ്കൃതം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | സംസ്കൃതം കേൾക്കുന്നതിന് സാഹചര്യം സൃഷ്ടിക്കുക | പാട്ടുകൾ സുഭാഷിതങ്ങൾ വാർത്ത എന്നിവ ക്ലാസ് റൂമുകളിൽ ഐസിടി സാധ്യത ഉപയോഗിച്ച്കേൾപ്പിക്കുന്നു. | അക്കാദമിക വർഷം | സംസ്കൃതം അധ്യാപിക | | |
| 2. | വാക്യങ്ങൾ, കഥ, കവിത ഉപന്യാസം എന്നിവ എഴുതുന്നതിനുള്ള പ്രാപ്തി ഉണ്ടാക്കുന്നു | രചന ശില്പശാല, ക്ലാസ് റൂമുകളിൽ എഴുതുന്നതിനുള്ള അവസരം നൽകൽ | 1 മാസം | സംസ്കൃതം അധ്യാപിക | | |
| 3. | അക്ഷരസ്പുടതയോടെ സംസ്കൃത പദങ്ങൾ വായിക്കാനുള്ള കഴിവ് നേടുന്നു | അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം മനസ്സിലാക്കി പറയാൻ അവസരം ഒരുക്കുന്നു | 1 മാസം | സംസ്കൃതം അധ്യാപിക,വി ദ്യാർത്ഥികൾ | | |
| 4. | സംസാരിക്കാൻ പ്രാപ്തരാക്കുന്നു, അവതരണം | സംഭാഷണം, നാടകാഭിനയം, ആഴ്ചയിലൊരിക്കൽ സംസ്കൃതത്തിൽ അസംബ്ലി, ദിനാചരണങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുന്നു | അക്കാദമിക വർഷം | സംസ്കൃതം അധ്യാപിക,വി ദ്യാർത്ഥികൾ | | |
| 5. | ഹ്രസ്വ ചിത്രനിർമ്മാണം | ഡോക്യുമെന്ററികൾ ഹ്രസ്വചിത്രങ്ങൾ എന്നിവ നിർമ്മിക്കുന്നു | അക്കാദമിക വർഷം | വിദ്യാർത്ഥികൾ | | |

# അറബിക്

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | വിദ്യാർത്ഥികളെ മികച്ച വായനക്കാരാക്കുക | സാമഗ്രികൾ ശേഖരിക്കൽ, വായന ഫെസ്റ്റ് | ജൂൺ – ജനുവരി | അറബിക് ടീച്ചർ | | |
| 2. | എഴുതാൻ പ്രാപ്തരാക്കുക | കയ്യെഴുത്ത്, നോക്കിയെഴുത്ത്, കേട്ടെഴുത്ത്, കൂട്ടിയെഴുത്ത്, കോപ്പിയെടുത്ത് | ജൂൺ – സെപ്തംബർ | അറബിക് ടീച്ചർ | | |
| 3. | ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ | അറബിയിൽ സംസാരിക്കൽ | ആഗസ്റ്റ് - ഡിസംബർ | അറബിക് ടീച്ചർ | | |
| 4. | പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഭാഷയെ കൂടുതൽ അറിയൽ | പദങ്ങൾ പരിചയപ്പെടൽ, പദകേളി , പദപ്പയറ്റ് | ഡിസംബർ | അറബിക് ടീച്ചർ | | |
| 5. | നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുക | നിഘണ്ടു നോക്കി വാക്കുകൾ കണ്ടെത്തൽ | ആഗസ്റ്റ് | അറബിക് ടീച്ചർ | | |
| 6. | പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക | ക്വിസ്, ഒരു ദിവസം ഒരു ചോദ്യം | ജൂൺ – ഒക്ടോബർ | അറബിക് ടീച്ചർ | | |

# സാമൂഹ്യശാസ്ത്രം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുക | അധ്യയനവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| 2. | കുട്ടികളിൽ പൗരബോധം വളർത്തുക | സ്കൂൾ ഇലക്ഷൻ | ആഗസ്റ്റ് - സെപ്തംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| 3. | മതേതരത്വം സഹിഷ്ണത എന്നിവ വളർത്തുക | സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടാൽ, പ്രോജക്ട് , രംഗാവിഷ്കാരം | അധ്യയനവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| 4. | ഭൂപടവായന സ്ഥലനിർണയം എന്നീ നൈപുണികൾ വളർത്തുക | അറ്റ്ലസ്, മാപ്പ് എന്നിവ പരിചയപ്പെടുന്നു | അധ്യയനവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| 5. | കുട്ടികളിൽ പൊതു വിജ്ഞാനം വളർത്തുക | ദിനാചരണങ്ങൾ പ്രശ്നോത്തരി, സംവാദം ചരിത്ര സിനിമാപ്രദർശനം | അധ്യയനവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |

# ശാസ്ത്രം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ശാസ്ത്രം പ്രവർത്തനത്തിൽ ശാസ്ത്രീയ മനോഭാവം, നിരീക്ഷണ പാടവം, ജിജ്ഞാസ തുടങ്ങിയ ശാസ്ത്ര അഭിരുചികൾ പോഷിപ്പിക്കൽ | 8 9 10 ക്ലാസുകളിലെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ, മോഡലുകളുടെ നിർമ്മാണ ശില്പശാലയും പ്രദർശനവും | ടേമിൽ ഒന്ന് | സയൻസ് ക്ലബ് | | |
| 2. | സയൻസ് കോർണർ ശാസ്ത്ര തല്പരത വളർത്തൽ | ഓരോ ക്ലാസിലും ശാസ്ത്ര ലൈബ്രറി, ശാസ്ത്രലാബ് നവീകരണം | അധ്യയനവർഷ ം | സയൻസ് അധ്യാപകർ | | |
| 3. | മതിലുകൾക്കപ്പുറം അന്വേഷണ തൽപരത, വിവരണ വിശകലനശേഷി തുടങ്ങിയവ പരിപോഷിപ്പിക്കൽ | പാഠ്യാനുബന്ധ വിഷയങ്ങളിൽ നടത്തിയ സെമിനാറുകൾ, സംവാദം എന്നിവ വിദ്യാലയത്തിന് പുറത്ത് പൊതുവേദികളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്ന | ബന്ധപ്പെട്ട ദിനാചരണങ്ങ ളോടനുബന്ധിച്ച് | സയൻസ് അധ്യാപകർ | | |
| 4. | വിഭവങ്ങൾ ഒരുക്കാം കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക, നാടൻ ഇനങ്ങളുടെ പോഷകമൂല്യം തിരിച്ചറിയൽ | സ്കൂളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ, ചെടികൾ പരിപാലിക്കൽ | അക്കാദമിക വർഷം | കാർഷിക ക്ലബ്ബ് | | |

| | | | | | | |
|---|---|---|---|---|---|---|
| 5. | മൃതസഞ്ജീവനി<br>ഔഷധസസ്യങ്ങളെയും അവയുടെ ഔഷധഗുണങ്ങളും തിരിച്ചറിയൽ | ഔഷധത്തോട്ട നിർമ്മാണം, സസ്യങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നിർമിക്കൽ, ഹെർബേറിയം തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | | |
| 6. | കർമ്മപഥത്തിലെ സർഗ്ഗസൃഷ്ടി<br>കൃഷിയിലെ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കൽ, ആവശ്യ അടിസ്ഥാനത്തിൽ വിവിധതരത്തിൽ സസ്യങ്ങൾ ഉൽപാദിപ്പിക്കൽ | ഫീൽഡ് ട്രിപ്പിലൂടെ ബഡ്ഡിങ്, ലെയറിങ്, ഗ്രാഫ്റ്റിംഗ്, ടിഷ്യുകൾച്ചർ, ലതാഗൃഹം, തുള്ളിനന, തിരിനന, പുതയിടൽ തുടങ്ങിയ സംവിധാനങ്ങൾ പരിചയപ്പെടൽ | പാഠഭാഗവിനിമയ സമയത്ത് പഠന പ്രവർത്തനങ്ങളുടെ തുടർ പ്രവർത്തനം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ് | | |
| 7. | ക്ലീൻ ക്യാമ്പസ്<br>പരിസ്ഥിതി സൗഹാർദ സമീപനം കൈവരിക്കൽ, ശുചിത്വ സുന്ദര വിദ്യാലയം എന്ന ലക്ഷ്യം കൈവരിക്കൽ | മാലിന്യമുക്ത, പ്ലാസ്റ്റിക് രഹിത ഹരിത വിദ്യാലയം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ | അക്കാദമിക വർഷം | സയൻസ്ക്ലബ്സയൻസ് അധ്യാപകർ, ശുചിത്വ ക്ലബ് ഹരിത ക്ലബ് | | |

# ഗണിതം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പഠിതാക്കളെ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുക | രാമാനുജൻ ഉപന്യാസം മത്സരം, π ദിനം | അധ്യയനവർഷം | ഗണിത അധ്യാപകർ | | |
| 2. | എല്ലാ കുട്ടികളിലും ഗണിത അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | പരിഹാരബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ആശയധാരണകൾ ഉറപ്പിക്കൽ | ജൂൺ - ജൂലൈ | ഗണിത അധ്യാപകർ | | |
| 3. | ഗണിതക്ലബ് സജീവമാക്കൽ | ഗണിത ക്ലബ്ബ് രൂപീകരണം, ഗണിതക്വിസ് ചാർട്ട് നിർമ്മാണം, ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ | ജൂൺ, ജൂലൈ, ആഗസ്റ്റ് | ഗണിത ക്ലബ്ബ് | | |
| 4. | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത പ്രോജക്ടുകളുടെ അവതരണം | ഓണം ക്രിസ്മസ് അവധികൾ | ഗണിത അധ്യാപകർ | | |
| 5. | എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ഗെയിംസ് , പസിലുകൾ ഇവ തയ്യാറാക്കി ഗ്രൂപ്പ് അടിസ്ഥാനത്തിൽ നിർവഹിക്കൽ | യഥാസമയം | കുട്ടികൾ,ഗണിതഅധ്യാപകർ | | |
| 6. | എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ | നമ്പർ ചാർട്ട്, മാന്ത്രിക ചതുരം എന്നിവയുടെ നിർമ്മാണം | യഥാസമയം | ഗണിത അധ്യാപകർ | | |

# കായികവിദ്യാഭ്യാസം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | ശരിയായ ആരോഗ്യ ശീലങ്ങൾ മനസ്സിലാക്കി കൊടുക്കുക | ബോധവൽക്കരണ ക്ലാസുകൾ, ഫുഡ് ഹാബിറ്റ് കലണ്ടർ തയ്യാറാക്കൽ | ജൂൺ | കായികാധ്യാപിക | | |
| 2. | കായികക്ഷമതയുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുക | ഭക്ഷണ ശുചിത്വത്തെക്കുറിച്ച് ക്ലാസുകൾ, അത് ലറ്റിക്സ് ,ഓട്ടം, എറിയൽ പരിശീലനം വ്യക്തിഗത വിലയിരുത്തൽ, കായികമേള യോഗാസനം ധ്യാനം | അക്കാദമിക വർഷം | കായികാധ്യാപിക | | |
| 3. | മനുഷ്യ ശരീരത്തെക്കുറിച്ച് അടിസ്ഥാന നേടുക | പാഠപുസ്തകാധിഷ്ഠിത പ്രവർത്തനങ്ങൾ, പൾസ് റേറ്റ് നിരീക്ഷണം, ഹൃദയാരോഗ്യ ബോധവൽക്കരണം ഹെൽത്ത് എക്സ്പോ | അക്കാദമിക വർഷം | കായികാധ്യാപിക | | |
| 4. | സ്പോർട്സ് വിനോദത്തിനും പരസ്പര സഹകരണത്തിനും | വിനോദ കായികങ്ങൾ, കൂട്ടായ്മ വർദ്ധിപ്പിക്കുന്ന കളികൾ | അക്കാദമിക വർഷം | കായികാധ്യാപിക | | |
| 5 | സംസ്ഥാന ദേശീയ താരങ്ങളെ വാർത്തെടുക്കുക | വിവിധയിനങ്ങളിൽ പരിശീലന ക്യാമ്പുകൾ പ്രത്യേകിച്ച് ഖൊ ഖൊ | അക്കാദമിക വർഷം | കായികാധ്യാപിക | | |

# പ്രവൃത്തിപരിചയം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പുഷ്പ കൃഷിയിൽ പ്രാവീണ്യം നേടൽ | കാരി ബാഗ് നിർമ്മാണം, സ്കൂൾ വളപ്പിൽ നിലമൊരുക്കി ചെണ്ടുമല്ലി തൈ നട്ടുപിടിപ്പിക്കൽ | ജൂൺ- ജൂലൈ | WIE അധ്യാപിക | 500/- | |
| 2. | തൊഴിൽ പരിശീലനം | പ്ലംബിംഗ് പരിശീലനം, കൃഷിയിടങ്ങൾക്ക് ആവശ്യമായ ആധുനിക രീതിയിലുള്ള ഇറിഗേഷൻ പ്രവർത്തനം | ആഗസ്റ്റ്- സെപ്റ്റംബർ | WIE അധ്യാപിക | 1500/- | |
| 3. | സേവന മനോഭാവം | ഓഫീസ് ഫയൽ നിർമ്മാണം, റൈറ്റിംഗ് ബോർഡ് നിർമ്മാണം | ഒക്ടോബർ- നവംബർ | WIE അധ്യാപിക | 500/- | |
| 4. | വസ്തുങ്ങൾ അലങ്കരിക്കൽ | എംബ്രോയിഡറി, ഫാബ്രിക് പെയിന്റിങ് വെജിറ്റബിൾ പ്രിന്റിംഗ് പരിശീലനം | ഡിസംബർ- ജനുവരി | WIE അധ്യാപിക | 500/- | |
| 5. | പാഴ്വസ്തുക്കളുടെ പുനരുപയോഗം | പാഴ്വസ്തുക്കൾ കൊണ്ടുള്ള ക്രിയാത്മക നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം | ഫെബ്രുവരി | WIE അധ്യാപിക | | |